# നോർക്ക-റൂട്ട്സ് എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്

## ആമുഖം

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന/ജോലി ചെയ്യുന്ന മലയാളികളുടെ വളരെകാലമായുള്ള ആവശ്യമായിരുന്നു നോർക്ക-റൂട്ട്സിന്റെ ഒരു തിരിച്ചറിയൽ രേഖ ലഭിക്കുക എന്നത്. കാലകാലമായിട്ടുള്ള ഈ ആവശ്യം പരിഗണിച്ച് കേരള സർക്കാരിന്റെ നോർക്ക-റൂട്ട്സ് കേരളത്തിന് പുറത്ത് അന്യ സംസ്ഥാനങ്ങളിൽ താമസിക്കുകയും പണി എടുക്കുകയും ചെയ്യുന്ന മലയാളികൾക്കായി ഒരു ഐ.ഡി കാർഡ് കം ഇൻഷുറൻസ് കാർഡ് പദ്ധതി നടപ്പാക്കിവരുന്നു. കാർഡിന്റെ കാലാവധി 3 വർഷമായിരിക്കും.

## യോഗ്യത

18 വയസ്സു തികഞ്ഞവരും രണ്ട് വർഷമോ അതിൽ കൂടുതലോ കേരളത്തിന് പുറത്ത് (ഇന്ത്യക്ക് അകത്ത്) ജോലി ചെയ്തുവരുന്നവർ അല്ലെങ്കിൽ കേരളത്തിന് പുറത്ത് സ്ഥിരം താമസിക്കുന്നവർ.

## ആനുകൂല്യങ്ങൾ

സജീവ കാർഡ് ഉടമയ്ക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് പരിരക്ഷയും അപകടത്തിൽ സ്ഥിര അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 1 ലക്ഷം രൂപയും ലഭിക്കുന്നതാണ്.

## അപേക്ഷിക്കേണ്ട വിധം

അപേക്ഷകർ അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. അപേക്ഷ ഫീസ് 315 രൂപ. (ഫീസ് നോർക്ക-റൂട്ട്സിന്റെ ഓഫീസുകൾ വഴിയോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡിയായോ നൽകാവുന്നതാണ്.)
2. ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ
3. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ രേഖ/പ്രസ്തുത രേഖയിൽ അപേക്ഷകന്റെ നിലവിലെ മേൽവിലാസം അല്ലെങ്കിൽ അപേക്ഷകൻ ഇന്ത്യക്ക് അകത്ത് ജോലി/താമസം/പഠനം ചെയ്യുന്ന സംസ്ഥാനത്തിലെ വിലാസം രേഖ നൽകേണ്ടതുണ്ട്. (വാടകചീട്ട്, വാട്ടർ കണക്ഷൻ ബില്ല്, കറണ്ട് ബില്ല്, ടെലഫോൺ ബില്ല്, റേഷൻ കാർഡ്, പാസ്പോർട്ട് കോപ്പി, ഫോട്ടോ അടങ്ങുന്ന ഓഫീസ് ഐ.ഡി കാർഡ്)

പൂരിപ്പിച്ച അപേക്ഷ ഫീസ് ആവശ്യമായ രേഖകൾ എന്നിവ സഹിതം താഴെ പറയുന്ന നോർക്ക-റൂട്ട്സിന്റെ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

| നം. | മേൽവിലാസം |
|---|---|
| 1 | നോർക്ക-റൂട്ട്സ്, റീജണൽ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, നോർക്ക സെന്റർ, തിരുവനന്തപുരം, ഫോൺ-0471 2329950 |
| 2 | നോർക്ക-റൂട്ട്സ്, റീജണൽ ഓഫീസ്, വി.എം.കോംപ്ലക്സ്, സി.പി.ഉമ്മർ റോഡ്, എറണാകുളം, ഫോൺ-0484 2371830, 2371810 |
| 3 | നോർക്ക-റൂട്ട്സ്, റീജണൽ ഓഫീസ്, സെക്കന്റ് ഫ്ളോർ, സാമോറിൻ സ്ക്വയർ, ലിങ്ക് റോഡ്, കോഴിക്കോട്, ഫോൺ-0495 2304882, 2304885 |
| 4 | എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസ്, ട്രാവൻകൂർ ഹൗസ്, കെ.ജി.മാർഗ്, ന്യൂഡൽഹി-110001, ഫോൺ-01123384369 |
| 5 | എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസ്, പ്ലോട്ട് നം.8, സെക്റ്റർ 30എ, കേരള ഹൗസ്, വാശി, മുംബൈ-400703, ഫോൺ-022 27880088 |
| 6 | നോർക്ക-റൂട്ട്സ് സാറ്റ്ലൈറ്റ് ഓഫീസ്, സെക്കന്റ് ഫ്ളോർ, സായി ബിൽഡിംഗ്, മെത്തോടിസ്റ്റ് ചർച്ചിന് എതിർവശം, ഫെറ്റഹ്ഗുനി, ബറോഡ-390002, ഫോൺ-0265-2389885/2750560 |
| 7 | നോർക്ക-റൂട്ട്സ് സാറ്റ്ലൈറ്റ് ഓഫീസ്, ആർ/17, 15 സ്ട്രീറ്റ്, അണ്ണാ നഗർ, ചെന്നൈ-600040, ഫോൺ- 044-26212060 |
| 8 | നോർക്ക-റൂട്ട്സ് സാറ്റ്ലൈറ്റ് ഓഫീസ്, ശ്രീ നാരായണ സമിതി ബിൽഡിംഗ് നമ്പർ -1, ഉൾസൂർ, ടാങ്ക് റോഡ്, ബാംഗ്ലൂർ, ഫോൺ- 080-25305090 |

## കാർഡ് വിതരണം

അപേക്ഷ സമർപ്പിക്കുന്ന ഓഫീസിൽ നിന്നും ഇൻഷുറൻസ് കാർഡ് വിതരണം ചെയ്യുന്നതാണ്. നോർക്ക-റൂട്ട്സിന്റെ ഓഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും തപാൽ മാർഗ്ഗം നോർക്ക-റൂട്ട്സ് ഹെഡ് ഓഫീസിലേക്ക് അപേക്ഷകൾ അയക്കുന്നവരുടെ ഇൻഷുറൻസ് കാർഡുകൾ അവരുടെ കേരളത്തിലെ വിലാസത്തിൽ പറഞ്ഞിരിക്കുന്ന ജില്ലയിലെ നോർക്ക സെല്ല്, മറ്റ് സംസ്ഥാനങ്ങളിലെ മലയാളി ഫെഡറേഷൻ, നോർക്ക-റൂട്ട്സ് രജിസ്റ്റേർഡ് അസോസിയേഷൻ വഴിയോ വിതരണം ചെയ്യുന്നതാണ്. അപേക്ഷകനോ അവരുടെ പ്രതിനിധിക്കോ കാർഡ് കൈപ്പറ്റാവുന്നതാണ്.